ത, ബിപിഒ എസ്.എം. അലിയാ

സ്മനക്കാരായ സെന്റ് ജോർജ്

ണ്ടു നൽക്കുന്ന കായികമേളെ എ ട്ടിനു സമാപിക്കും.

# നിധിയിലേക്ക് ഒരുലക്ഷം

ജാൺ വൻനിലത്തിൽനിന്നും ന്ത്രി എം.എം. മണി തുക ഏറ്റു വാങ്ങി.

എംപിഐ ഡയറക്ടർ ഷാജു ജക്കബ്, സമിതി ഏരിയ രക്ഷാധികാരി സണ്ണി കുര്യാക്കോസ്, സിപിഎം ലോക്കൽ സെക്രട്ടറി എം.ആർ.സുരേന്ദ്രനാഥ്, ബസന്ത് മാത്യു, ജോസ് തോമസ്, ഷൈജു ജോസഫ്, സിജോ മാത്യു, മേഴ്സി രാജു, ലതിക രജീഷ് എന്നിവർ പങ്കെടുത്തു.



...ക്കു വ്യാപാരി വ്യവസായി സമിതി കൂത്താട്ടുകുളം യൂണിറ്റ് നൽകുന്ന ഒരുല ...ുന്നു.



വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളജിലെ മെക്കാനിക്കൽ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള സോഷ്യൽ സർവീസ് ക്ലബിന്റെയും നേച്ചർ ക്ലബിന്റെയും ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന പ്ലാസ്റ്റിക് ബോട്ടിൽ ചലഞ്ച് വിശുദ്ധി പദ്ധതിയുടെ ഉദ്ഘാടനം എൽദോ എബ്രഹാം എംഎൽഎ നിർവഹിക്കുന്നു.

# വിശ്വജ്യോതി എൻജിനീയറിംഗ് കോളജിന്റെ 'ചലഞ്ച് വിശുദ്ധി' പദ്ധതിക്കു തുടക്കം

വാഴക്കുളം: പ്ലാസ്റ്റിക് മാലിന്യസംസ്കരണം അതിന്റെ പ്രായോഗികതലത്തിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളജിലെ മെക്കാനിക്കൽ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള സോഷ്യൽ സർവീസ് ക്ലബിന്റെയും നേച്ചർ ക്ലബിന്റെയും ആഭിമുഖ്യത്തിൽ പ്ലാസ്റ്റിക് ബോട്ടിൽ ചലഞ്ച് വിശുദ്ധി പദ്ധതിക്ക് ആവോലി ഗ്രാമപഞ്ചായത്തിൽ തുടക്കംകുറിച്ചു.

ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളിൽ നിന്ന് ഉപയോഗശൂന്യമായ പ്ലാസ്റ്റിക് കുപ്പികൾ ശേഖരിക്കുകയും അത് സംസ്കരണ പ്ലാന്റുകളിൽ എത്തിച്ചുനൽകുകയും ചെയ്യുന്ന പദ്ധതിയുടെ ഉദ്ഘാടനം എൽദോ എബ്രഹാം എംഎൽഎ നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോർഡി വർഗീസ് അധ്യക്ഷത വഹിച്ചു. കോളജ് പ്രിൻസിപ്പൽ ഡോ. സി. ജോസഫ് കുഞ്ഞ് പോൾ, മെക്കാനിക്കൽ വിഭാഗം തലവൻ കെ. വിനോജ്, വാർഡ് മെമ്പർ ലിൻസി ടൈറ്റസ് എന്നിവർ പ്രസംഗിച്ചു.

അധ്യാപകരായ ടി.ജി. ഉണ്ണികൃഷ്ണൻ, കെ. നിധീഷ്, ആകാശ് പോൾ സാവിയോ, പി.എം. സാജു, റോജി മാത്യു, വിദ്യാർഥികളായ അരുൺ ജോസ് ജോർജ്, ജോയൽ ജോൺ, ഗായസ് എൽദോ, ടി.എസ്. അജിത്ത് എന്നിവർ നേതൃത്വം നൽകി.

# ...ായി സൈക്കിൾ പരിശീലനം



...ൃയവന സേക്രഡ് ഹാർട്ട് എൽപി സ്കൂളിലെ 'ദ്വിചക്ര 2018' പദ്ധതിയുടെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് എം.എം. അലിയാർ നിർവഹിക്കുന്നു. ഫാ. ജോസ് മോനിപ്പിള്ളി, സാജു എം. മാത്യു, ജോസ് പോൾ, ബേബി കാക്കനാട്ട്, മി...ി അജി, സേവി ജോസഫ്, വി.എസ്. ജോർജ് തുടങ്ങിയവർ സമീപം.

...ാസുകളിലെ 117 കുട്ടികൾക്ക് ദി...വും വൈകുന്നേരം 3.30 മുതൽ ...30 വരെയാണ് പരിശീലനം ന...കിവരുന്നത്. പരിപാടിയുടെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് ...എം.എം. അലിയാർ നിർവഹിച്ചു. ...നേജർ ഫാ. ജോസ് മോനിപ്പിള്ളി അധ്യക്ഷത വഹിച്ചു. പ്രധാനാധ്യാപകൻ സാജു എം. മാത്യു, മുൻ പ്രധാനാധ്യാപകൻ ജോസ് പോൾ, പിടിഎ പ്രസിഡന്റ് ബേബി കാക്കനാട്ട്, എംപിടിഎ പ്രസിഡന്റ് മിനി അജി, ഹൈസ്കൂൾ പ്രധാനാധ്യാപകൻ സേവി ജോസഫ്, ഹയർ സെക്കൻഡറി പ്രിൻസിപ്പൽ വി.എസ്. ജോർജ് എന്നിവർ പ്രസംഗിച്ചു.

# ജൈവ പച്ചക്കറികൃഷി തുടങ്ങി

കൊച്ചി: ഗാന്ധിജയന്തി വാരാഘോഷത്തോടനുബന്ധിച്ച് വടയമ്പാടി ഗവ. എൽപി സ്കൂളിൽ ജൈവ പച്ചക്കറികൃഷി ആരംഭിച്ചു.

ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ എൻ.എൻ. രാജൻ ജൈവകൃഷി വിത്തിടീൽ ഉദ്ഘാടനം ചെയ്തു.

പിടിഎയുടെ നേതൃത്വത്തിൽ വിദ്യാലയത്തിലെ 20 സെന്റ് സ്ഥലത്തിലാണ് ജൈവ പച്ചക്കറികൃഷി ആരംഭിച്ചിരിക്കുന്നത്.

ചീര, പയർ, വെണ്ട, പടവലം, ചുരക്ക, തക്കാളി, കുമ്പളങ്ങ, വഴുതന, കാരറ്റ്, കാബേജ്, പച്ചമുളക്, പാവയ്ക്ക, പടവലം തുടങ്ങിയ ഇനങ്ങളാണ് ആദ്യഘട്ടത്തിൽ കൃഷിചെയ്യുന്നത്.

പ്രധാനാധ്യാപിക എം. മേരി, വാർഡ് മെമ്പർ ജോൺ ജോസഫ്, പിടിഎ പ്രസിഡന്റ് ഉണ്ണിമായ അരുൺ, കെ.വി. ശ്രീജ എന്നിവർ പങ്കെടുത്തു.

# ...ഷാ പദ്ധതി



...ർച്ചന്റ്സ് അസോസിയേഷൻ പണ്ട...ത്തിന്റെ കോപ്പി നൽകി ഉദ്ഘാട...ട്രഷറർ ജോൺസൺ കൊച്ചിക്കു...ളത്തൂർ, ജോർജ് വൻപിളളിൽ, ടോ... പ്രധാനാധ്യാപിക പി.എൻ. ലത തു...ിൽ പത്രം സ്പോൺസർ ചെയ്തി



കോതമംഗലം മുടിക്കിരായി സെന്റ് റീത്താസ് എൽപി സ്കൂളിൽ ദീപിക നമ്മുടെഭാഷ പദ്ധതിയുടെ ഉദ്ഘാടനം ഡിഎഫ്സി കോതമംഗലം റീജണൽ ഡയറക്ടർ റവ. ഡോ. തോമസ് പോത്തനാമുഴി വിദ്യാർഥി പ്രതിനിധികളായ ഡിൽസൺ ഡി. ജോൺസൺ, എസ്. കൃഷ്ണവേണി എന്നിവർക്ക് പത്രത്തിന്റെ കോപ്പി നൽകി നിർവഹിക്കുന്നു. സ്കൂൾ അസിസ്റ്റന്റ് മാനേജർ ഫാ. ജോസഫ് കുന്നുംപുറത്ത്, പ്രധാനാധ്യാപിക സിസ്റ്റർ ടെസ്സെറ്റ്, സ്കൂൾ മാനേജർ ഫാ. ജോസ് പൊതൂർ, ഡി എഫ്സി സംസ്ഥാനസമിതിയംഗം ഡിഗോൾ കെ. ജോർജ്, അധ്യാപകരായ സാലിമോൾ ജോർജ്, ജോളി സ്കറിയ, സോജി ആന്റണി എന്നിവർ സമീപം.

Saturday 6th October 2018, Deepika

ന്ന് വയോജനങ്ങളെ ആദരിക്കു കയും ഉപഹാരം നൽകുകയും ചെയ്തു.

പിൻവലിക്കാനുമാണ് നിർദേശ മുള്ളത്. സഞ്ചിതനിധിയിൽ 'ഓ

വ്യവഹാരങ്ങളുണ്ടായാൽ സഭയ്ക്ക് തിരിച്ചടിയുണ്ടാകുമെ

സഭയിൽ ഇല്ലെന്നും റി



• ആവോലി ഗ്രാമപഞ്ചായത്തിൽ വിശ്വജ്യോതി കോളജിന്റെ നേതൃത്വത്തിൽ നടത്തിയ പ്ലാസ്റ്റിക് നിർമാർജന പരിപാടി എൽദോ എബ്രഹാം എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു.



• ആയവന സേക്രട്ട് ഹാർട്ട് ... ജർ ഫാ. ജോസ് മോനിപ്പിള്ള

# ആവോലിയിൽ പ്ലാസ്റ്റിക് മാലിന്യത്തിനെതിരേ കൂട്ടായ്മ

വാഴക്കുളം: ആവോലി പഞ്ചായത്ത് പ്ലാസ്റ്റിക് മാലിന്യ രഹിതമാക്കാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമായി. വാഴക്കുളം വിശ്വജ്യോതി കോളജ് മെക്കാനിക്കൽ വിഭാഗം നേതൃത്വം നൽകുന്ന പദ്ധതി എൽദോ എബ്രഹാം എം.എൽ.എ. ഉദ്ഘാടനം ചെയ്തു. പഞ്ചായത്തിലെ എല്ലാ ഭവനങ്ങളിലും നിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ചു സംഭരണ കേന്ദ്രങ്ങളിൽ എത്തിക്കുന്ന പദ്ധതി നടപ്പാക്കാൻ കുടുംബശ്രീയുടേയും സഹകരണമുണ്ട്.

ആവോലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോർഡി വർഗീസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ വിശ്വജ്യോതി കോളജ് പ്രിൻസിപ്പൽ ജോസഫ് കുഞ്ഞുപോൾ, മെക്കാനിക്കൽ വിഭാഗം മേധാവി വിനോജ കെ., ഗ്രാമപഞ്ചായത്തംഗം ലിൻസി ടൈറ്റസ് എന്നിവർ പ്രസംഗിച്ചു. അധ്യാപകരായ ഉണ്ണികൃഷ്ണൻ റ്റി.ജി., നിധീഷ കെ., ആകാശ് പോൾ സാവിയോ, പി.എം. സാജു, റോജി മാത്യു, വിദ്യാർഥികളായ അരുൺ ജോസ് ജോർജ്, ജോയൽ ജോൺ, ഗായസ് എൽദോ, അജിത്ത് ടി.എസ്. തുടങ്ങിയവർ നേതൃത്വം നൽകി.

## സിനിമ ഇന്ന്

**■ മൂവാറ്റുപുഴ**

ലത: സ്ക്രീൻ 1: വരത്തൻ (4 ഷോ)

സ്ക്രീൻ 2: ചാലക്കുടിക്കാരൻ ചങ്ങാതി (4 ഷോ)

ഐസക്ക്: ഒരു കുട്ടനാടൻ ബ്ലോഗ് (4 ഷോ)

മരിയ: രഗളൈ (തമിഴ്)

**■ പെരുമ്പാവൂർ**

ഇ.വി.എം

സ്ക്രീൻ 1: അബ്രഹാമിന്റെ സന്തതികൾ (11.00, 2.00, 6.00).

സ്ക്രീൻ 2: മൈസ്റ്റോറി (11.00, 2.00, 6.00).

**■ കോതമംഗലം**

ആൻ: മന്ദാരം - 4 ഷോ

ജി സനിമാസ്– സ്ക്രീൻ 1: വരത്തൻ-4 ഷോ

സ്ക്രീൻ 2: മംഗല്യം തന്തുനാനേ -4 ഷോ.

ആൻ:സാമി 2 (തമിഴ്)-4 ഷോ.

ജവഹർ: നയൻ സിക്സ് - 4 ഷോ

ഇ.വി.എം: നോട്ട - 4 ഷോ

**■ കൂത്താട്ടുകുളം**

വി സിനിമാസ് സ്ക്രീൻ 1: കുട്ടൻപിള്ളയുടെ ശിവരാത്രി (ഷോ സമയം :12 9:15)പഞ്ചവർണ്ണതത്ത - (6)

സ്ക്രീൻ 2: ബിടെക് - ഷോ(3, 9)അരവിന്ദന്റെ അതിഥികൾ - ഷോ(12,6:15)

**■ കോലഞ്ചേരി**

അന്ന ഡിജിറ്റൽ: ഇമെയ്കനൊടികൾ(തമിഴ്)--3

# പശുവുമായി ക്ഷ... പാൽ ഒഴുക്കി പ്ര...

പോത്താനിക്കാട്: ക്ഷീര കർഷകർ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണമെന്നാവശ്യപ്പെട്ട് കർഷകർ പശുവുമായി ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് മാർച്ച് നടത്തി. പാൽ ഒഴുക്കി പ്രതിഷേധിച്ചാണ് മടങ്ങിയത്. കേരള കർഷക സംഘം പോത്താനിക്കാട് വില്ലേജ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിലായിരുന്നു സമരം. ക്ഷീരമേഖല കടുത്ത പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്.

കാലിത്തീറ്റയുടെ വില ക്രമാതീതമായി വർധിക്കുകയും പാലിനും പാലുൽപന്നങ്ങൾക്കും ന്യായമായ വില ലഭിക്കാതിരിക്കുകയും ചെയ്തതോടെ ഈ മേഖല നഷ്ടത്തിലേക്ക് കൂപ്പുകുത്തുകയാണ്. ഗ്രാമീണ മലയോര മേഖലകളിലെ നൂറുകണക്കിന് കുടുംബങ്ങളുടെ ഉപജീവന മാർഗം കൂടിയാണിത്. ക്ഷീര കർഷകർക്ക് തിരിച്ചടിയായി കാലികളിൽ കുളമ്പുരോഗമുൾപ്പെടെയുള്ളവ വ്യാപകമാകുന്നു.

ഇക്കഴിഞ്ഞ പ്രളയത്തിൽ നിരവധിപേരുടെ വളർത്തുമൃഗങ്ങൾ ചത്തൊടുങ്ങിയിരുന്നു. ഇതിനു പുറമെ ഗ്രാമപഞ്ചായത്ത് നൽകേണ്ട ആനുകൂല്യങ്ങൾ കൂടി നിഷേധിച്ചതോടെയാണ് കർഷകർ പശുവുമായി പ്രതിഷേധത്തിന് ഇറങ്ങിയത്. കറന്നെടുത്ത പാൽ പഞ്ചായത്തിനു മുന്നിൽ ഒഴിച്ചു കളഞ്ഞാണ് കർഷകർ പ്രതിഷേധിച്ചത്. ക്ഷീര



• പോത്താനിക്കാട് ... ന്നു.

കർഷകർക്ക് ലഭ... ക്കാല ഇൻസെന്റ്... ന്നതാണ് പ്രധാന... ക്ഷീരകർഷകർക്ക... ദ്ധതി വിഹിതം... ത്തതിനാൽ ജില്ല... ഹിതം നഷ്ടപ്പെട്ട... ക, ക്ഷീര കർഷക... ആനുകൂല്യങ്ങളു...




• കറുകടം സെന്റ് മേരീസ് പബ്ലിക് സ്കൂളിൽ സംഘടിപ്പിച്ച പ്ലാസ്റ്റിക് ... ജേഷ് കൊളരിക്കൽ നിർവഹിക്കുന്നു.

...കൈയ്യിട്ട് വാരിയതോടു

യി. ഇരുട്ട് വീഴാൻ തുടങ്ങി. പുരയിട...

Mangalam

Sunday, 7th October 2018

LAM DAILY ESTD. 1887

# 11

2018 ഒക്ടോബർ
വ്യാഴം
1194 കന്നി 25
കൊച്ചി
പേജ് 12 • വില 7.50

## ഗർഭച്ഛിദ്രം വാടകക്കൊല: ഫ്രാൻസിസ് മാർപാപ്പ



**വത്തിക്കാൻ സിറ്റി:** ഗർഭച്ഛിദ്രം ജീവനെ ഇല്ലാതാക്കാൻ വാടകക്കൊലയാളിയെ ആശ്രയിക്കുന്നതിനു തുല്യമാണെന്ന് ഫ്രാൻസിസ് മാർപാപ്പ മുന്നറിയിപ്പു നല്കി.

പേജ് 12

## സ്വർണസൗരഭം വീണ്ടും

**ബ്യൂവേനോസ് ആരീസ്:** യൂത്ത് ഒളിമ്പിക്സിൽ ഇന്ത്യയുടെ പതിനാറുകാരൻ സൗരഭ് ചൗധരിക്ക് സ്വർണം. 10 മീറ്റർ എയർ പിസ്റ്റളിലാണ് ഇന്ത്യയുടെ സൗരഭ്യം പരത്തി സൗരഭ് സ്വർണത്തിൽ മുത്തമിട്ടത്.



സ്പോർട്സ് പേജ്

# വിദ്യാർഥികളുടെ സർട്ടിഫിക്കറ്റുകൾ പിടിച്ചുവയ്ക്കരുതെന്നു കേന്ദ്രം

- പ്രവേശനത്തിനു സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് മതി
- സ്ഥാപനം മാറുമ്പോൾ ഫീസ് തിരികെ നൽകണം

സ്വന്തം ലേഖകൻ

**ന്യൂഡൽഹി:** വിദ്യാർഥികളുടെ അസൽ സർട്ടിഫിക്കറ്റുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പിടിച്ചു വയ്ക്കാനാവില്ലെന്നു കേന്ദ്ര സർക്കാർ. പ്രവേശന സമയത്ത് സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് മതിയെന്നും അവ പരിശോധിക്കേണ്ട അധികാരമേ കോളജുകൾ അടക്കമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ളൂ എന്നും യുജിസിയുടെ പുതിയ ഉത്തരവിൽ വ്യക്തമാക്കി. കോളജിൽ പ്രവേശനം നേടിയ വിദ്യാർഥികൾ സ്ഥാപനം മാറുകയോ മറ്റേതെങ്കിലും കോഴ്സിനു ചേരുകയോ ചെയ്താൽ വാങ്ങിയ ഫീസ് ഉപാധികളോടെ തിരികെ നൽകണമെന്നും വിജ്ഞാപനത്തിൽ വ്യവസ്ഥ ചെയ്യുന്നു.


വിദ്യാർഥികളുടെ അസൽ സർട്ടിഫിക്കറ്റുകൾ വാങ്ങി വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിലപേശാറുണ്ടെന്നു ചൂണ്ടിക്കാട്ടിയാണ് യുജിസിയുടെ പുതിയ വിജ്ഞാപനത്തെ കുറിച്ചു കേന്ദ്ര മാനവവിഭവശേഷി മന്ത്രി പ്രകാശ് ജാവഡേക്കർ വെളിപ്പെടുത്തിയത്. അസൽ സർട്ടിഫിക്കറ്റുകൾ പിടിച്ചുവയ്ക്കുകയോ തിരികെ നൽകാൻ ഉപാധിവയ്ക്കുകയോ ചെയ്താൽ പിഴ ഈടാക്കുന്നതും ഗ്രാൻഡ് തടഞ്ഞുവയ്ക്കുന്നതും അംഗീകാരം റദ്ദാക്കുന്നതും അടക്കമുള്ള കടുത്ത നടപടി നേരിടേണ്ടി വരും.

വിദ്യാർഥികളിൽ നിന്നു വാങ്ങുന്ന ഫീസ് തിരികെ നൽകുന്നതിനും യുജിസി മാനദണ്ഡങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. പ്രവേശന നടപടികൾ അവസാനിക്കുന്നതിന്റെ 15 ദിവസം മുമ്പാണ് വിദ്യാർഥി സ്ഥാപനം മാറുന്ന കാര്യം അറിയിക്കുന്നതെങ്കിൽ മുഴുവൻ ഫീസും 15 ദിവസത്തിനകത്താണെങ്കിൽ 90 ശതമാനം ഫീസും കോളജ് തിരികെ നൽകണം. പ്രവേശന നടപടികൾകൾ പൂർത്തിയായി 15 ദിവസത്തിനിടെ സ്ഥാപനം മാറുമ്പോൾ 80 ശതമാനം ഫീസും, 15 ദിവസം മുതൽ ഒരു മാസത്തിനിടെ മാറുമ്പോൾ ഫീസിന്റെ 50 ശതമാനവും മടക്കി നൽകണം. അടുത്ത വിദ്യാഭ്യാസ വർഷം മുതൽ ഇതു പ്രാബല്യത്തിലാകും. എൻജിനിയറിംഗ് കോളജുകൾക്കടക്കം നിർദേശം ബാധകമാണെന്നും അസൽ സർട്ടിഫിക്കറ്റ് വാങ്ങിവയ്ക്കുകയോ ഫീസ് മടക്കി നൽകുകയോ ചെയ്യാത്തപക്ഷം കോളജുകൾക്കെതിരേ നടപടി ഉണ്ടാവുമെന്നും കേന്ദ്രമന്ത്രി പ്രകാശ് ജാവഡേക്കർ പറഞ്ഞു.

യാക്കാൻ

# നേര്യമംഗലത്തിനു സമീപം ഉരുൾപൊട്ടി; വീടുകൾ തകർന്നു, ഓട്ടോ ഒലിച്ചുപോയി

**കോതമംഗലം:** കനത്ത മഴയിൽ നേര്യമംഗലത്തിനു സമീപം നീണ്ടപാറയിലും ചെമ്പൻകുഴിയിലും ഉരുൾപൊട്ടി. ഇന്നലെ വൈകുന്നേരം 6.45നായിരുന്നു സംഭവം. അമ്പലപ്പടി, കുരിശുപടി എന്നിവിടങ്ങളിലും ഉരുൾപൊട്ടിയതായി സംശയമുണ്ട്. ചെമ്പൻകുഴിയിൽ രണ്ടു വീടുകൾ ഭാഗിക



ട്ടോയും മലവെള്ളത്തിൽ ഒലിച്ചുപോയി. 150 മീറ്റർ താഴെ തോടിനു കുറുകെയുള്ള ചപ്പാത്തിൽ തങ്ങിയനിലയിൽ ഓട്ടോറിക്ഷ കണ്ടെത്തി. കിടാവിനെ കണ്ടെത്താനായില്ല. കുന്നത്ത് വത്സലന്റെ വീട്ടിൽ മലവെള്ളം കയറി. പ്രദേശത്തെ അഞ്ചു വീടുകൾ ഒറ്റപ്പെട്ടിരിക്കുകയാണ്. ഊന്നുക

Deepika
11th October 2018 ; Thursday

# നാട്ടുവിശേഷം

★ പ്ലൈവുഡ് കച്ചവടത്തർക്കം: ക്വട്ടേഷൻ തലവൻ പോലീസ് കസ്റ്റഡിയിലെന്നു സൂചന



മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ നടന്ന ഡിഎഫ്സി കോതമംഗലം സോൺ കൺവൻഷനിൽ മികച്ച റീജൺ പ്രസിഡന്റിനുള്ള അവാർഡ് പൈങ്ങോട്ടൂർ റീജൺ പ്രസിഡന്റ് ലോറൻസ് ഏബ്രഹാം ഏനാനിക്കൽ ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിലിൽനിന്ന് ഏറ്റുവാങ്ങുന്നു. രാഷ്ട്ര ദീപിക എംഡി മോൺ. മാണി പുതിയിടം സമീപം.



മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ നടന്ന ഡിഎഫ്സി കോതമംഗ
ള്ള അവാർഡ് പൈങ്ങോട്ടൂരിനുവേണ്ടി ബിഷപ് മാർ ജോർജ് മഠത്തിക്ക
ൽ, പ്രസിഡന്റ് ലോറൻസ് ഏബ്രഹാം, റീജൺ ഭാരവാഹികൾ എന്നിവർ
മസ് കുഞ്ഞിത്തി, സംസ്ഥാന ജോയിന്റ് ഡയറക്ടർ ഫാ. ജിനോ പുന്നമറ്റ
യിടം, സോൺ അസിസ്റ്റന്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പോത്തനാമുഴി,
ജെ. കല്ലറയ്ക്കൽ തുടങ്ങിയവർ സമീപം.

## വർഗീയവത്കരണത്തിനു കേരളത്തിൽ ശ്രമം: സിപിഐ

**മൂവാറ്റുപുഴ:** ശബരിമല സമരത്തിന്റെ പേരിൽ കേരളത്തിൽ വർഗീയ ധ്രുവീകരണത്തിനു സംഘപരിവാർ ശ്രമിക്കുകയാണെന്ന് സിപിഐ ഇടുക്കി ജില്ലാ സെക്രട്ടറി കെ.കെ. ശിവരാമൻ. മോദിയെ പുറത്താക്കൂ, രാജ്യത്തെ രക്ഷിക്കൂ എന്ന മുദ്രാവാക്യ മുയർത്തി സിപിഐ ദേശീയ പ്രക്ഷോഭത്തിന്റെ പ്രചരണാർഥം നയിക്കുന്ന കാൽനട പ്രചാരണ ജാഥയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

സിപിഐ ജില്ലാ കമ്മിറ്റിയംഗം ടി.എം.ഹാരിസ് അധ്യക്ഷത വഹിച്ചു. ജില്ലാ എക്സിക്യൂട്ടീവ് അംഗം എൻ.അരുൺ മുഖ്യപ്രഭാഷണം നടത്തി. ജാഥാ ക്യാപ്റ്റൻ പി.കെ. ബാബുരാജ്, വൈസ് ക്യാപ്റ്റൻ ജോളി പൊട്ടയ്ക്കൽ, ഇ.കെ.സുരേഷ്, കെ.എ.സനീർ, സീന ബോസ്, കെ.എ.നവാസ്, വി.കെ.മണി, പി.പി.മീരാൻ എന്നിവർ പ്രസംഗിച്ചു.

## മനുഷ്യത്വം നശിക്കാത്ത നേതൃനിര വേണം: ജസ്റ്റീസ് സിറിയക് ജോസഫ്

**വാഴക്കുളം:** മനുഷ്യത്വം നശിച്ചിട്ടില്ലാത്ത നേതൃനിരയാണ് കാലഘട്ടത്തിന്റെ ആവശ്യമെന്നും മാനുഷിക മൂല്യങ്ങൾ മുറുകെ പിടിച്ചു തിന്മകൾക്കെതിരേ ശക്തമായി പ്രതികരിക്കുന്ന ഒരു പുത്തൻ തലമുറയാണ് കലാലയങ്ങളിൽനിന്നു പുറത്തിറങ്ങേണ്ടതെന്നും ജസ്റ്റീസ് സിറിയക് ജോസഫ്.

വാഴക്കുളം വിശ്വജ്യോതി എൻജിനിയറിംഗ് കോളജിലെ സ്റ്റുഡന്റ് കൗൺസിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കോളജ് മാനേജർ മോൺ ഡോ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ, പ്രിൻസിപ്പൽ സി. ജോസഫ്കുഞ്ഞു പോൾ, സ്റ്റാഫ് അഡ്വൈസർ ടീനാ ജോസ്, കൗൺസിൽ ചെയർമാൻ ആദർശ് മാത്യു, സെക്രട്ടറി അനന്തുകൃഷ്ണ, വൈസ് ചെയർപേഴ്സൺ രമ്യകൃഷ്ണ എന്നിവർ പങ്കെടുത്തു.

## എന്തു വിളിക്ക... തോടെന്നോ

**കൂത്താട്ടുകുളം:** കൂത്താട്ടുകുളം മേഖലയിലെ പ്രധാന റോഡുകൾ ഗതാഗതയോഗ്യമല്ലാതായി. ബിഎംബിസി നിലവാരത്തിൽ നിർമാണം പൂർത്തിയായ റോഡുകളാണ് മഴ ആരംഭിച്ചതോടെ തകർന്നിരിക്കുന്നത്. പുതിയതായി നിർമാണം പൂത്തിയാക്കിയ സ്റ്റേറ്റ് ഹൈവേയുടെ ഭാഗം ഉൾപ്പെടെ കുഴികൾ നിറഞ്ഞിരിക്കുകയാണ്. ദിവസേന നൂറുക്കണക്കിനു വാഹനങ്ങൾ കടന്നു പോകുന്ന കൂത്താട്ടുകുളം-പാലാ റോഡ് ഭാഗികമായി തകർന്ന നിലയിലാണ്.

റോഡിൽ രൂപം കൊണ്ടിരിക്കുന്ന ഗർത്തങ്ങളിൽ വാഹനങ്ങൾ അകപ്പെട്ട് അപകടങ്ങൾ ഉണ്ടാകുന്നത് നിത്യസംഭവമാണ്. കുഴിയിൽ വീണു കേടുവന്ന വാഹനങ്ങൾ വഴിയിൽ കിടക്കുന്നതും സ്ഥിരം കാഴ്ചയാണ്. വാഗമൺ, അർജുനൻ ഹിൽസ് തുടങ്ങിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഉൾപ്പെടെ നിരവധി സ്ഥലങ്ങളിലേക്കു പോകുന്ന കൂത്താട്ടുകുളം രാമപുരം കവലയിൽനിന്ന് ആരംഭിക്കുന്ന ഈ റോഡ് ഏറെക്കാലമായി അവഗണനയിലാണ്. മഴ ആരംഭിക്കുന്നതോ...
ല്ലാ വർഷവും ഈ റോഡിന്റെ...
വസ്ഥ ഇതുതന്നെയാണ്.

ഉന്നത നിലവാരത്തിൽ ട...
ഗ് പൂർത്തിയാക്കിയിരിക്ക...
റോഡിൽ പലയിടങ്ങളിലും...
ള്ളക്കെട്ടു രൂപപ്പെടുന്നത...



കൂത്താട്ടുകുളം-പാലാ റോഡിൽ...



വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളജിലെ സ്റ്റുഡന്റ് കൗൺസിലിന്റെ ഉദ്ഘാടനം ജസ്റ്റീസ് സിറിയക് ജോസഫ് നിർവഹിക്കുന്നു.



ആനിക്കാട് സെന്റ് സെബാസ്റ്റ്യൻ...
ത്തിൽ ജേതാക്കളായവർ പ്രിൻ...
ജാക്സൻ തോട്ടുങ്കൽ എന്നിവർ...


## പൂർവവിദ്യാർഥി സംഗമം 13ന്

## പ്ലൈവുഡ് കച്ചവടത്തർക്കം


Deepika
Saturday, 13th October 2018



# ണ്ടിടങ്ങളിൽ വാഹനാപകടം



യിൽ കെഎസ്ആർടിസി ബസും ടിപ്പർ
ം.



കുറുമറ്റം ആലുംചുവട്ടിൽ ടോറസ് ലോറി വീടിനു മുകളിലേക്ക് ചെരിഞ്ഞുണ്ടായ അപകടം.

ലേക്ക് ചരിഞ്ഞത്. എതിരേ വന്ന ടിപ്പർ ലോറിക്ക് സൈഡ് കൊടുക്കുന്നതിനിടെ അപകടത്തിൽപ്പെടുകയായിരുന്നു. പള്ളിപ്പുറം അൻസാറിന്റെ വീടിന്റെ മുകളിലേക്കാണ് ടിപ്പർ ചരിഞ്ഞത്. വീടിന്റെ മേൽക്കൂരയും ഭിത്തിയും തകർന്നു. അപകടം നടക്കുമ്പോൾ വീടിന്റെ മുന്നിൽ അൻസാറിന്റെ മകനും സമീപത്തായി സ്കൂൾ കുട്ടികളും ഉണ്ടായിരുന്നു. ഇവരെല്ലാം അദ്ഭുതകരമായാണ് രക്ഷപ്പെട്ടത്.

പ്രദേശത്ത് ഇതിനു മുമ്പും സമാനമായ അപകടമുണ്ടായിട്ടുണ്ടെന്ന് സമീപവാസികൾ പറഞ്ഞു. പാറമടകളിൽ നിന്നും ക്രഷറുകളിൽ നിന്നും ലോഡ് കയറ്റി വരുന്ന ടോറസുകൾക്കും ടിപ്പറുകൾക്കും രാവിലെയും വൈകുന്നേരവും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇത് പാലിക്കാറില്ലെന്നും നാട്ടുകാർ ആരോപിച്ചു.

## പ്രസിഡന്റ്

# ത്ത് ഭരണസമിതിയിൽ തമ്മിലടി

യോഗത്തിന്റെ ആരംഭത്തിൽ പരാതിയെക്കുറിച്ചു പ്രസിഡന്റ് വിശദീകരണം നൽകണമെന്നു ഭരണസമിതി അംഗങ്ങൾ ആവശ്യപ്പെട്ടു.

എന്നാൽ പ്രസിഡന്റ് മറുപടി പറയാൻ കൂട്ടാക്കിയില്ല. ഇതോടെ പ്രസിഡന്റിന്റെ ഏകപക്ഷീയമായ തീരുമാനങ്ങളിലും സെക്രട്ടറിക്കെതിരേ നൽകിയ പരാതി പിൻവലിക്കാത്തതിലും പ്രതിഷേധിച്ച് അംഗങ്ങൾ ഇറങ്ങിപ്പോയി. ഇതോടെ ക്വാറം തികയാതെ യോഗം പിരിച്ചു വിടുകയായിരുന്നു.

ചില തൽപരകക്ഷികളാണു പ്രസിഡന്റിന്റെ നടപടിക്കു പിന്നിലെന്നു വൈസ് പ്രസിഡന്റ് ആരോപിച്ചു. ഇതിനിടെ പഞ്ചായത്ത് കമ്മിറ്റി വിളിച്ചു ചേർത്തു വർക്കിംഗ് ഗ്രൂപ്പ് നടത്തുന്നതിനുള്ള തീയതി തീരുമാനിക്കണമെന്ന് ഒമ്പതംഗങ്ങൾ പ്രസിഡന്റിനോട് ആവശ്യപ്പെട്ടു കഴിഞ്ഞു.

ഇതേസമയം പഞ്ചായത്ത് പ്രസിഡന്റ് തനിക്കെതിരേ ആരോപിച്ചിരിക്കുന്ന കാര്യങ്ങൾ വാസ്തവവിരുദ്ധമാണെന്നു സെക്രട്ടറി ബൈജു വർഗീസ് ദീപികയോടു പറഞ്ഞു. അഴിമതി നടത്താനോ നിയമലംഘനം നടത്താനോ തയാറാകാത്തതിന്റെ പേരിലാണ് തനിക്കെതിരേ ആരോപണം ഉന്നയിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

സർക്കാർ നിർദേശങ്ങൾ അനുസരിച്ചു മാത്രമാണ് സെക്രട്ടറിയായി സേവനം ചെയ്യുന്നത്. സർക്കാർ പരിപാടികളിൽനിന്ന് ഒരിക്കലും മാറിനിന്നിട്ടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സർക്കാർ നിർദേശങ്ങൾ അനുസരിച്ചുള്ള പരിപാടികളിലടക്കം പങ്കെടുക്കാതെ സെക്രട്ടറി മനഃപൂർവം മാറി നിൽക്കുന്നുവെന്നായിരുന്നു സെക്രട്ടറിക്കെതിരേയുള്ള പഞ്ചായത്ത് പ്രസിഡന്റ് ആശ ജിഫിയുടെ പരാതി.

കല്ലൂർക്കാട് പഞ്ചായത്തിൽ കുറെനാളുകളായി പുകഞ്ഞു കൊണ്ടിരുന്ന ആഭ്യന്തരപ്രശ്നങ്ങൾ പൊട്ടിത്തെറിയുടെ വക്കിലാണ്. പ്രസിഡന്റും ഒരുവിഭാഗം അംഗങ്ങളും യോജിക്കാൻ സാധിക്കാത്തവിധം മുന്നോട്ടുപോകുകയാണ്. ഇതിനിടയിലും പ്രസിഡന്റിന്റെ നേതൃത്വത്തിൽ ഒരു വിഭാഗം സെക്രട്ടറിയെ പുറത്താക്കാനുള്ള നീക്കവും നടത്തിവരുന്നു.

# കുട്ടികളുടെ

...ഹോപകാരം കുട്ടികൾ പോസ്റ്റ്മാസ്റ്റർക്കു കൈമാറി. സ്വന്തം കൈയൊപ്പ് പതിപ്പിച്ച കത്തുകൾ രക്ഷാകർത്താക്കൾക്ക് അയച്ചുകൊണ്ടാണ് ഈ ദിനത്തെ മേരിഗിരി സ്കൂൾ വരവേറ്റത്.

# വിശ്വജ്യോതി കോളജിൽനിന്നു 108 പേർ ഇൻഫോസിസിലേക്ക്

**വാഴക്കുളം:** വിശ്വജ്യോതി എൻജിനീയറിംഗ് കോളജിൽ വിവിധ ബ്രാഞ്ചുകളിൽ ഇൻഫോസിസ് നടത്തിയ കാമ്പസ് സെലക്ഷനിൽ 2018-19 ബാച്ചിലെ 108 പേർക്കു കൂടി സെലക്ഷൻ ലഭിച്ചു.

ഇൻഫോസിസിന്റെ അഡ്വാൻസ്ഡ് പാർട്ണറായ വിശ്വജ്യോതി എൻജിനീയറിംഗ് കോളജിൽ 2005 മുതൽ തുടർച്ചയായി നടത്തിവരുന്ന കാമ്പസ് സെലക്ഷനിൽ 1080 പേർക്കാണ് ഇതുവരെ നിയമനം ലഭിച്ചിട്ടുള്ളത്.

## വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണം

**കോതമംഗലം:** കർഷക പെൻഷൻ വാങ്ങുന്ന കർഷകർ വരുമാന സർട്ടിഫിക്കറ്റ് ഇതുവരെ ഹാജരാക്കിയിട്ടില്ലെങ്കിൽ 20നകം കീരംമ്പാറ കൃഷിഭവനിൽ ഹാജരാക്കണമെന്നും അല്ലാത്ത പക്ഷം ഗുണഭോക്താക്കളെ നിലവിലെ ലിസ്റ്റിൽനിന്ന് ഇനിയൊരു അറിയിപ്പു കൂടാതെ നീക്കം ചെയ്യുന്നതാണെന്നും കൃഷിവകുപ്പ് അറിയിച്ചു. കീരമ്പാറ കൃഷിഭവൻ പരിധിയിൽ ഇഞ്ചി, മഞ്ഞൾ, പൈനാപ്പിൾ പച്ചക്കറി മുതലായ കൃഷി 25 സെന്റിൽ കുറയാതെയും ഏത്തവാഴ നൂറ് എണ്ണത്തിൽ കുറയാതെയും കൃഷി ചെയ്തിരിക്കുന്ന കർഷകർ 31 നകം കരം അടച്ച രസീത്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ സഹിതം അപേക്ഷ നൽകണമെന്നു കീരമ്പാറ കൃഷി ഓഫീസർ അറിയിച്ചു.

## ജനകീയ അംഗീകാരമെന്ന് എംഎൽഎ

**മൂവാറ്റുപുഴ:** പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് അഞ്ചാം വാർഡിലേയ്ക്കു നടന്ന ഉപതെരഞ്ഞെടുപ്പിൽ എൽഡിഎഫിന്റെ വിജയം സർക്കാരിന്റെ ജനക്ഷേമ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണന്ന് എൽദോ എബ്രഹാം എംഎൽഎ പറഞ്ഞു.

## നിർമല കോളജിൽ ബി വോക് കോഴ്സ്

**മൂവാറ്റുപുഴ:** നിർമല കോളജിൽ യുജിസി അനുവദിച്ച ലോജിസ്റ്റിക് മാനേജ്മെന്റ് എന്ന വിഷയത്തിൽ മൂന്ന് വർഷത്തെ ബി വോക് കോഴ്സിനു മഹാത്മഗാന്ധി യൂണിവേഴ്സിറ്റിയുടെ അഫിലിയേഷൻ ലഭിച്ചു.

ലോജിസ്റ്റിക് മാനേജ്മെൻറിന് പ്ലസ് ടു ആണ് അടിസ്ഥാന യോഗ്യത. യുജിസിയുടെ ധനസഹായത്തോടെ നടക്കുന്ന കോഴ്സിന് എയ്ഡഡ് മേഖലയിലെ ഫീസ് നിരക്ക് മാത്രമേയുള്ളു. 15 സീറ്റാണ് അനുവദിച്ചിട്ടുള്ളത്. താല്പര്യമുള്ള വിദ്യാർഥികൾ 15ന് ഉച്ചയ്ക്കു ഒന്നിനു മുമ്പായി കോളജ് ഓഫീസിൽ അപേക്ഷ സമർപ്പിക്കണമെന്നു പ്രിൻസിപ്പൽ അറിയിച്ചു. ഫോൺ: 9744076219.

## വടംവലി മത്സരം ഇന്ന്

**പോത്താനിക്കാട്:** യൂത്ത് കോൺഗ്രസ് പൈങ്ങോട്ടൂർ മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇന്ന് വൈകുന്നേരം നാലിനു പൈങ്ങോട്ടൂർ ടൗണിൽ വടംവലി മത്സരം നടക്കും. 425 കിലോഗ്രാം അണ്ടർ 23 വിഭാഗത്തിലാണ് മത്സരം. ഫോൺ: 9745000580.